# അന്തർദേശീയ കാർഷിക ഉൽപന്ന പ്രദർശനം 27 മുതൽ

Madhyamam 21.12.17

**തൃശൂർ:** കാർഷികോൽപന്ന സംസ്കരണം, മൂല്യവർധനവ് എന്നിവ ആസ്പദമാക്കി കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന രണ്ടാമത് അന്തർദേശീയ പ്രദർശനവും ശിൽപശാലയും 'വൈഗ 2017' തൃശൂരിൽ നടക്കും.

ഡിസംബർ 27 മുതൽ 31 വരെ മണ്ണുത്തി വെള്ളാനിക്കര കാർഷിക സർവകലാശാല കാമ്പസിലാണ് പ്രദർശനം. കാർഷിക സർവകലാശാലക്കാണ് ശിൽപശാലയുടെ നടത്തിപ്പ് ചുമതല. ആദ്യ പ്രദർശനം കഴിഞ്ഞവർഷം തിരുവനന്തപുരത്തായിരുന്നു. നാളികേരം, വാഴപ്പഴം, തേൻ, ചെറു ധാന്യങ്ങൾ എന്നിവയാണ് വൈഗയുടെ ഇതിവൃത്തം. സിംഗപ്പൂർ, തായ്‌ലൻഡ്, ശ്രീലങ്ക, ഇന്തോനേഷ്യ, ജക്കാർത്ത തുടങ്ങി ഇരുപതോളം രാജ്യങ്ങളിൽനിന്നുള്ള ഗവേഷകർ, പ്രതിനിധികൾ, കർഷകർ എന്നിവർ ശിൽപശാലയിൽ പങ്കെടുക്കും.

സാങ്കേതികവിദ്യ ദാതാക്കളായി രാജ്യത്തിനകത്തെ ഗവേഷണ സ്ഥാപനങ്ങളും എത്തുന്നുണ്ട്. ഭക്ഷ്യസംസ്കരണ മേഖലയിലെ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, കർഷക സംഘടനകൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയും ഇതര സംസ്ഥാനങ്ങളിലെ കാർഷിക സർവകലാശാലകളും പങ്കെടുക്കും.

വിദ്യാർഥികൾക്കായി ക്വിസ്, പ്രസംഗം, പെയിൻറിങ് മത്സരങ്ങൾ സംഘടിപ്പിക്കും. വിദ്യാർഥികൾക്ക് കുടുംബ സമേതം പ്രദർശനം കാണാൻ അതത് സ്കൂൾ മുഖേന സൗകര്യം ഒരുക്കും. കാർഷിക ഉൽപന്ന സംസ്കരണ രംഗത്തേക്ക് വരുന്ന കർഷകർക്കും യുവാക്കൾക്കും വേണ്ടി യുവ കർഷക സംഗമവും ഒരുക്കും. 27ന് രാവിലെ 10ന് ഗവർണർ റിട്ട. ജസ്റ്റിസ് പി. സദാശിവം ഉദ്ഘാടനം ചെയ്യും.